പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : * 168

07.12.2015-ലെ മറുപടിയ്ക്ക്

## "തീരദേശ പരിപാലന നിയമം"

| ചോദ്യം | ഉത്തരം |
| --- | --- |
| **ഡോ. കെ.ടി. ജലീൽ**<br>**ശ്രീ. എസ്. ശർമ്മ**<br>**,, കെ.ദാസൻ** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) തീരദേശങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളെ അകറ്റുന്നതിനിടയാക്കുന്ന നിയമങ്ങൾ നിലവിലുണ്ടോ;വ്യക്തമാക്കുമോ; | (എ) ഇല്ല |
| (ബി) വർഷങ്ങളായി താമസിച്ചു വരുന്ന തീരദേശത്ത് വീടുകൾ പുതുക്കുന്നതിനും നിർമ്മിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് കഴിയാത്ത അവസ്ഥയെപ്പറ്റി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി തീരദേശ പരിപാലന നിയമത്തിൽ ഇളവ് നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. തീരദേശപരിപാലന നിയമത്തിൽ ഇളവുകൾ നൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിയമത്തിൽ ഇളവുകൾ നൽകിക്കൊണ്ടുള്ള വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) നിലവിലുള്ള നിയമം മൂലം തീരദേശ നിവാസികളുടെ കൈവശഭൂമിക്ക് പട്ടയം നൽകാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) നിലവിലെ തീരദേശപരിപാലന നിയമം പട്ടയം നൽകുന്നതിന് ബാധകമല്ല. |
| (ഡി) കടലിന്റെ മക്കൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുന്ന ഇത്തരം നിയമങ്ങൾ തിരുത്തുമോ; | (ഡി) നിലവിലുള്ള നിയമത്തിൽ ഇളവ് വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെടുന്നുണ്ട്. |

| | |
|---|---|
| (ഇ)തീരദേശ നിവാസികൾ നേരിടുന്ന ജീവിത പ്രയാസങ്ങൾ പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും തയ്യാറാകുമോ? | (ഇ) തീരദേശ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആ മേഖലയിൽ വസിക്കുന്നവരുടെ പരാതികൾ പരിഗണിച്ചാണ് തീരപരിപാലന നിയമത്തിൽ ഇളവുകൾ നൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി നിർദ്ദേശം സമർപ്പിച്ചത്. തീരദേശപരിപാലന നിയമത്തിൽ ഇളവുകൾ വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര സർക്കാർ ആണ്. |

സെക്ഷൻ ഓഫീസർ